## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 457** **08-10-2024 - ൽ മറുപടിയ്ക്ക്**

## മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട്- ധോണി റോഡ് വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് -ധോണി റോഡ് വികസനത്തിന് പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് – ധോണി റോഡിന് 09/11/2018 ൽ 12.66 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത റോഡ് FDR ടെക്നോളജി ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസി തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് (27.94 കോടി രൂപ) ധനാനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവ്വഹണ ഏജൻസി കിഫ്ബിയ്ക്ക് ശിപാർശ സമർപ്പിച്ചിരുന്നു. ആയത് അവലോകനം നടത്തുന്നതിന്റെ ഭാഗമായി 26/02/2023-ന് നടത്തിയ സൈറ്റ് വിസിറ്റിന്റെയും, തുടർന്ന് 22/03/2023-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ നടന്ന യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കിഫ്ബി TRC-യുടെ മേൽനോട്ടത്തിൽ Plan & Profile Drawing വികസിപ്പിച്ച് അതിൻ പ്രകാരം എസ്റ്റിമേറ്റ് പുതുക്കി ഫയൽ പുനഃസമർപ്പിക്കുവാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം നിർവ്വഹണ ഏജൻസി ഫയൽ പുനഃസമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കിഫ്ബി ടെക്നിക്കൽ റിസോർട്ട് സെന്ററിന്റെ മേൽനോട്ടത്തിൽ പ്രസ്തുത പദ്ധതിയുടെ പ്ലാൻ | (ബി) | നിർവ്വഹണ ഏജൻസിയുടെ അഭ്യർത്ഥന പ്രകാരം 9 മീറ്റർ Right of Way യോട് കൂടിയുള്ള അലൈൻമെന്റ് പ്ലാനാണ് കിഫ്ബി TRC നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ |

| | | | |
|---|---|---|---|
| | ആൻഡ് പ്രൊഫൈൽ വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | | അടിസ്ഥാനത്തിൽ ഒരു സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളതും, പ്രസ്തുത സ്ഥല പരിശോധനയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അലൈൻമെന്റ് പ്ലാൻ ആൻഡ് പ്രൊഫൈൽ പരിഷ്കരിക്കുന്ന നടപടികൾ NATPAC മുഖാന്തിരം പുരോഗമിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ